**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** **12-06-2024 - ൽ മറുപടിയ്ക്ക്**

**നാട്ടകം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതി പ്രകാരം നാട്ടകം കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി മണിപ്പുഴ വരെ പൈപ്പുകൾ സ്ഥാപിക്കുകയുണ്ടായെങ്കിലും പ്രസ്തുത പദ്ധതി മുടങ്ങിയത് ഏത് വകുപ്പിന്റെ അനാസ്ഥ മൂലമാണ്; കാരണം വ്യക്തമാക്കാമോ; | (എ) | കിഫ്ബി പദ്ധതി പ്രകാരം നാട്ടകം കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റി കോട്ടയം ക്യാംപസിൽ സ്ഥിതി ചെയ്യുന്ന ഉന്നതതല ജല സംഭരണിയിൽ നിന്നും നിലവിലുള്ള മറിയപ്പള്ളി ടാങ്കിലേക്ക് 600 mm പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കേണ്ടതാണ്. ഇതിനായി കളക്ടറേറ്റ് റോഡിൽ കൊപ്പം ജംഗ്ഷൻ മുതൽ മണിപ്പുഴ ജംഗ്ഷൻ വരെ 600 mm പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. മണിപ്പുഴ ജംഗ്ഷൻ മുതൽ മറിയപ്പള്ളി ടാങ്ക് വരെ 1.8 km 600 mm പൈപ്പ് ലൈൻ ഇരു വശവും ആയി 6.5 km (3.25 km ഇരുവശവും) റൈഡർ മെയിനും സ്ഥാപിക്കേണ്ട പ്രവൃത്തി നാഷണൽ ഹൈവേ മോർത്തിൽ നിന്നും അനുമതി ലഭിക്കാതെ മുടങ്ങി കിടക്കുകയാണ്. ഇതിനായി 02/07/2020, 28/12/2020, 04/05/2023, 27/03/2024 തീയതികളിൽ അനുമതിക്കായി അപേക്ഷ നൽകിയെങ്കിലും ഇതുവരെ നാഷണൽ ഹൈവേ -മോർത്തിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. |
| (ബി) | എന്നത്തേയ്ക്ക് ഇതിന് പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്നും പ്രസ്തുത പദ്ധതി ഉടൻ പൂർത്തീകരിക്കുവാൻ സാധിക്കുമോയെന്നും വ്യക്തമാക്കാമോ? | (ബി) | നാഷണൽ ഹൈവേ മോർത്തിൽ നിന്നും പൈപ്പ് ലൈൻ ഇടുന്നതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ